(ബി) അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. എസ്. നാരായണസ്വാമിയെ ചുമതലപ്പെടുത്തിയിരുന്നു.

(സി) ഉണ്ട്.

(ഡി) റിപ്പോർട്ട് ഗവൺമെൻറിൻെറ പരിഗണനയിലാണ്.

കൊല്ലത്ത് ഇൻേറണൽ കണ്ടയിനർ

1711 [2572] ശ്രീ. ടി. എസ്. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലത്ത് ഒരു ഇൻേറണൽ കണ്ടയിനർ സ്ഥാപിക്കുന്നതിനുള്ള ആലോചനയുണ്ടോ?

ഉത്തരം

ഉണ്ട്.

പെൻഷൻ വാങ്ങാനുള്ള ബുദ്ധിമുട്ട്

1712 [2573] ശ്രീ. ടി. വി. വിജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻകാർക്ക് പെൻഷൻ തുക വാങ്ങാൻ ട്രഷറികളിലും ബാങ്കുകളിലും നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ഒഴിവാക്കാനായി ട്രഷറികളിൽനിന്നോ, സ്റ്റേറ്റ് ബാങ്കുകളിൽനിന്നോ നേരിട്ട് പെൻഷൻ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പെൻഷൻകാർക്ക് പെൻഷൻ വാങ്ങുന്നതിന് താഴെപറയുന്ന രീതിയിലുള്ള സംവിധാനങ്ങൾ ഇപ്പോഴും നിലവിലുണ്ട്.

(1) ട്രഷറിയിൽ ബില്ലുകൾ നേരിട്ട് ഹാജരാക്കി വാങ്ങുന്ന സംവിധാനം.

(2) സ്റ്റേറ്റ് ബാങ്കുകൾ ഉൾപ്പെടെയുള്ള പബ്ലിക് സെക്ടർ ബാങ്കുകൾ വഴി വാങ്ങുന്നതിനുള്ള സംവിധാനം.

(3) ഗവൺമെൻറിൻെറ ചിലവിൽ മണി ഓർഡർ മുഖേന പെൻഷൻ വാങ്ങുന്നതിനുള്ള സംവിധാനം.

ആയതിനാൽ ഇതിൽ ഏതെങ്കിലും ഒരു മാർഗ്ഗം തിരഞ്ഞെടുത്ത് പെൻഷൻ വാങ്ങുവാനുള്ള സ്വാതന്ത്ര്യം പെൻഷൻകാർക്കുണ്ട്. പൊതുമേഖലാ ബാങ്കുകൾ വഴി വാങ്ങുന്നതിനുള്ള സംവിധാനം 1984-ൽ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത സൗകര്യം പെൻഷൻകാർ വിരളമായിട്ടേ സ്വീകരിച്ചിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly